സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 69 2025 മെയ് 29 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

എറണാകുളം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ താത്കാലികമായി അടക്കും

തൃശൂർ: ശക്തമായ മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ താൽക്കാലികമായി അടക്കും. ഡിടിപിയുടെയും ടൂറിസം വകുപ്പിന്റെയും കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും മഴ ശക്തമായ സാഹചര്യത്തിൽ മറ്റൊരു അറിയിപ്പുണ്ടാകുന്നവരെ അടച്ചിടും. തുറസ്സായ സ്ഥലങ്ങളിലെ ടൂറിസവുമായി ബന്ധപ്പെട്ട പരിപാടികളും നിർത്തിവയ്ക്കും. കൊച്ചി - ധനുഷ്കോടി ദേശീയ പാതയിൽ രാത്രിയാത്ര നിരോധനം ഏർപ്പെടുത്തി. നേര്യമംഗലം മുതൽ അടിമാലി വരെ രാത്രി 7 മണി മുതലാണ് യാത്ര നിരോധനം. ഇന്ന് മുതൽ മെയ് 30 വരെയാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

വെടിനിർത്തലിന് വ്യാപാര കരാർ ഉപയോഗിച്ചു എന്ന് യു.എസ് കോടതിയിൽ സത്യവാങ്മൂലം

വാഷിങ്ടൺ: ഇന്ത്യാ- പാകിസ്താൻ സംഘർഷം അവസാനിപ്പിക്കാൻ വ്യാപാരക്കരാർ ഉപയോഗിച്ചുവെന്ന് ആവർത്തിച്ച് ട്രംപ് ഭരണകൂടം. യു.എസ് കൊമേഴ്സ് സെക്രട്ടറി ഹൊവാർഡ് ലുട്നിക് യു.എസ് കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിലാണ് ഇക്കാര്യം ഉള്ളത്. ഇതോടെ ഇതുവരെ പ്രസ്താവനകളിൽ മാത്രമായി ഒതുങ്ങി നിന്ന അവകാശവാദങ്ങൾക്ക് ഔദ്യോഗിക സ്വഭാവം കൈവന്നു.

ഇന്ത്യയും പാകിസ്താനും തമ്മിൽ വെടിനിർത്തൽ സാധ്യമായത് പ്രസിഡന്റ് ഇടപെട്ട് ഇരുരാജ്യങ്ങൾക്കും യു.എസുമായി വ്യാപാരബന്ധത്തിന് അനുമതി നൽകിയതുകൊണ്ട് മാത്രമാണെന്ന് ഹൊവാർഡ് ലുട്നിക് കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു. അതുവഴി ഇരുരാജ്യങ്ങളും തമ്മിൽ ഉണ്ടാകുമായിരുന്ന യുദ്ധം ഒഴിവാക്കാനായി. ട്രംപിന്റെ വ്യാപാര നയങ്ങൾക്കെതിരായ കേസുകളിൽ വാദം കേൾക്കവേയാണ് ഹൊവാർഡ് ലുട്നിക് സത്യവാങ്മൂലം സമർപ്പിച്ചത്. വ്യാപാര നയങ്ങൾക്കെതിരായ ഏതൊരു വിധിയും മേഖലയിലെ സ്ഥിരതയ്ക്കും സുരക്ഷയ്ക്കും ഭീഷണിയായി മാറുമെന്നും ലക്ഷക്കണക്കിന് ആളുകൾ മരിക്കുന്നതിന് ഇടയാക്കുമെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

ഇന്ത്യാ-പാക് വെടിനിർത്തലിന് പിന്നിൽ ഒരുപാട് കാര്യങ്ങൾ പുറത്തുവരാനുണ്ടെന്ന് വിഷയം ചൂണ്ടിക്കാട്ടി മാധ്യമപ്രവർത്തകനായ രാജീവ് സർദേശി ട്വീറ്റ് ചെയ്തിട്ടുണ്ട്. യു എസ് സർക്കാർ കോടതിയിൽ നുണ പറഞ്ഞിട്ടുണ്ടോ, അതോ ഈ വെടിനിർത്തൽ കരാറിന് പിന്നിൽ കാണുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങളുണ്ടോ? എന്നും സർദേശായി ട്വീറ്റിൽ ചോദിക്കുന്നു. ഇന്ത്യയും പാകിസ്താനും തമ്മിൽ വെടിനിർത്തൽ കരാർ സാധ്യമാക്കാൻ വ്യാപാരക്കരാർ വാഗ്ദാനം ചെയ്തിരുന്നു എന്ന ട്രംപിന്റെ അവകാശവാദം ഇന്ത്യ തുടർച്ചയായി തള്ളിക്കളഞ്ഞിരുന്നു. വെടിനിർത്തണമെന്ന ആവശ്യം പാകിസ്താനാണ് ഉന്നയിച്ചതെന്നും അതനുസരിച്ചാണ് ചർച്ചകൾ നടന്നതെന്നും ഇന്ത്യ വിശദീകരിച്ചിരുന്നു.

ഇതേപോലെ ട്രംപിന്റെ വ്യാപാര നയങ്ങളെ അനുകൂലിച്ച് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റുബീയോ, ട്രഷറി സെക്രട്ടറി സ്കോട്ട് ബെസ്സെന്ത് എന്നിവരും സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ട്രംപിന്റെ വ്യാപാര നയങ്ങൾക്കെതിരെ ഡെമോക്രാറ്റുകൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ നൽകിയ ഹർജിയിലെ വാദം കേൾക്കവേയാണ് യു.എസ് സർക്കാരിന്റെ ഈ അവകാശവാദങ്ങൾ. മാൻഹാട്ടനിലെ കോർട്ട് ഓഫ് ഇന്റർനാഷണൽ ട്രേഡിലാണ് വാദം കേട്ടത്.

അതേസമയം മറ്റ് രാജ്യങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം പ്രസിഡന്റിന് ഇല്ലെന്നാണ് കോടതി വിധിച്ചത്. ലിബറേഷൻ ഡേ താരിഫ് എന്ന പേരിൽ ഇന്ത്യ ഉൾപ്പെടെ നൂറിലധികം രാജ്യങ്ങൾക്കെതിരെ ട്രംപ് നികുതി ചുമത്തിയിരുന്നു. ഈ നീക്കം തടഞ്ഞ കോടതി നടപടി പിൻവലിക്കാൻ 10 ദിവസത്തെ സമയവും നൽകി. ഇതിനെതിരെ അപ്പീൽ പോകാനാണ് സർക്കാർ തീരുമാനം.

ജമ്മുകാശ്മീരിൽ രണ്ട് ലഷ്കർ–ഇ–തൊയ്ബ ഭീകരർ പിടിയിൽ: ആയുധങ്ങളും ഗ്രനേഡുകളും കണ്ടെടുത്തു

ശ്രീനഗർ: കാശ്മീരിൽ രണ്ട് ലഷ്കർ-ഇ-തൊയ്ബ ഭീകരർ കൂടി അറസ്റ്റിലായി. കശ്മീരിലെ ഷോപ്പിയാനിൽ സൈന്യവും പൊലീസും സിആർപിഎഫും സംയുക്തമായി നടത്തിയ തിരച്ചിലിലാണ് ഭീകരരായ ഇർഫാൻ ബഷീർ, ഉസൈർ സലാം എന്നിവരെ പിടികൂടിയത്. രണ്ട് എകെ-56 തോക്കുകൾ, നാല് മാഗസിനുകൾ, രണ്ട് ഹാൻഡ് ഗ്രനേഡുകൾ, വെടിയുണ്ടകൾ, 5,400 രൂപയും ഒരു ആധാർ കാർഡും പിടിയിലായവരിൽ നിന്നും കണ്ടെടുത്തു.

പൊലീസിന്റെയും സായുധ സേനയുടെയും വേഗത്തിലുള്ളതും തന്ത്രപരവുമായ നീക്കത്തിലൂടെയാണ് ഭീകരരർ വലയിലായത്. ഇവരുടെ നീക്കം നിരീക്ഷിച്ചു വരികയായിരുന്ന ഇന്ത്യൻ സേന വളരെ വിദഗ്ധമായിട്ടാണ് പിടികൂടിയത്.

ഏപ്രിൽ 22ലെ പഹൽഗാം ആക്രമണത്തെത്തുടർന്ന് ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് അറസ്റ്റ്. മേയ് മാസത്തിൽ മാത്രം, ഷോപ്പിയാനിലെ കെല്ലർ മേഖലയിലും പുൽവാമയിലെ ത്രാലിലെ നാദറിലും നടന്ന രണ്ട് വ്യത്യസ്ത ഏറ്റുമുട്ടലുകളിലായി ആറ് ഭീകരരാണ് കൊല്ലപ്പെട്ടത്. രണ്ട് ഓപ്പറേഷനുകളിലായി മൂന്ന് ഭീകരരെ വീതം സൈന്യം വധിച്ചു.

ലഷ്കർ-ഇ-തൊയ്ബയിലെ മുതിർന്ന കമാൻഡർ ഷാഹിദ് കുട്ടായിയും ഇവരിൽ ഉൾപ്പെടുന്നു. ഷോപ്പിയാനിലെ ഹീർപോറയിൽ സർപഞ്ചിനെതിരായ ആക്രമണത്തിലും 2024 ഏപ്രിൽ 8-ന് ഡാനിഷ് റിസോർട്ടിൽ നടന്ന വെടിവയ്പ്പിലും ഷാഹിദ് മുഖ്യ പങ്കു വഹിച്ചിരുന്നതായാണ് അധികൃതർ അറിയിച്ചത്.

പ്രമുഖ തമിഴ് നടൻ രാജേഷ് അന്തരിച്ചു

ചെന്നൈ: പ്രശസ്ത നടനും എഴുത്തുകാരനും ഡബ്ബിങ് ആർട്ടിസ്റ്റുമായ രാജേഷ് (75) അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ഏറെക്കാലമായി ചികിത്സയിലായിരുന്നു. ഇന്ന് രാവിലെ ആരോഗ്യനില മോശമാകുകയായിരുന്നു. കഴിഞ്ഞ അമ്പത് വർഷത്തിലേറെയായി രാജേഷ് സിനിമാരംഗത്തുണ്ട്.

150ലേറെ തമിഴ് ചിത്രങ്ങളിലും തെലുങ്ക്, മലയാളം ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്. 1974ൽ പുറത്തിറങ്ങിയ 'അവൾ ഒരു തൊടർക്കഥൈ' എന്ന ചിത്രത്തിലൂടെയാണ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. 1979ൽ 'കന്നി പരുവത്തിലേ' എന്ന ചിത്രത്തിലൂടെ നായകനുമായി.

സത്യ, മഹാനദി, വിരുമാണ്ടി, ജയ്ഹിന്ദ്, ഇരുവർ, നേരുക്ക് നേർ, ദീന, സിറ്റിസെൻ, രമണ, റെഡ്, സാമി, ശിവകാശി, മഴൈ, ധർമപുരി, തിരുപ്പതി, സർക്കാർ, മാസ്റ്റർ തുടങ്ങിയവയാണ് മറ്റ് പ്രധാന ചിത്രങ്ങൾ. മലയാളത്തിൽ അലകൾ, ഇതാ ഒരു പെൺകുട്ടി, അഭിമന്യു എന്നീ ചിത്രങ്ങളിൽ വേഷമിട്ടിട്ടുണ്ട്. മലയാള നടന്മാരായ മുരളി, നെടുമുടി വേണു, ജോയ് മാത്യു എന്നിവർക്ക് തമിഴിൽ ശബ്ദം നൽകിയിരുന്നത് രാജേഷ് ആയിരുന്നു. ശ്രീറാം റാഘവൻ സംവിധാനം ചെയ്ത് 2024ൽ പുരത്തിറങ്ങിയ 'മെറി ക്രിസ്മസ്' ആണ് പുറത്തിറങ്ങിയ അവസാന ചിത്രം. ടെലിവിഷൻ രംഗത്തും സജീവമായിരുന്നു.

ഒരു കിലോമീറ്റർ റോഡ് പുനർനിർമ്മിക്കണം, നിർമ്മാണ കമ്പനികൾക്ക് ഗുരുതരവീഴ്ച



മലപ്പുറം: കൂരിയാട് ദേശീയപാത ഇടിഞ്ഞ സംഭവത്തിൽ വിദഗ്ദ സമിതി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് കൈമാറി. ദേശീയപാത ഇടിഞ്ഞതിൽ നിർമാണകമ്പനികൾക്ക് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടിലെ കണ്ടെത്തൽ. ഇടിഞ്ഞ ഭാഗത്തെ റോഡ് പൂർണമായും പുനർനിർമിക്കണമെന്നാണ് വിദഗ്ദ സമിതിയുടെ ശുപാർശ. കൂരിയാട് ദേശീയപാതയിൽ സംരക്ഷണ ഭിത്തിയടക്കം തകർന്ന ഭാഗത്തെ ഒരു കിലോമീറ്റർ റോഡ് പൂർണമായും പുനർനിർമിക്കണമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

പ്രദേശത്ത് റോഡ് നിർമിക്കുന്നതിന് മണ്ണ് പരിശോധന യടക്കം ഫപ്രദമായി നടത്തിയില്ലെന്നും റിപ്പോർട്ടിലുണ്ട്. നടന്നത് നിർഭാഗ്യകരമായ സംഭവമാണെന്നാണ് ട്രാൻസ്പോർട്ട് സെക്രട്ടറി റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. കൂരിയാട് മേഖലയിലെ നെൽപാടങ്ങളിലടക്കം ആവശ്യമായ സാങ്കേതിക പരിശോധന നടത്തിയിട്ടില്ലെന്നും ഡിസൈനിൽ വൻ തകരാറ് ഉണ്ടെന്നും വിദഗ്ദ സമിതി കണ്ടെത്തി.

ദേശീയപാത ഇടിഞ്ഞുതാഴ്ന്നതിന് പിന്നാലെ തന്നെ കേന്ദ്രം കരാറുകമ്പനിയായ കെഎൻആർ കൺസ്ട്രക്ഷൻസിനെ ഡീബാർ ചെയ്തിരുന്നു. ഇതിനൊപ്പം പദ്ധതിയുടെ കൺസൾട്ടന്റായി പ്രവർത്തിച്ച ഹൈവേ എൻജിനീയറിംഗ് കൺസൾട്ടന്റ് (എച്ച് ഇ സി) എന്ന കമ്പനിക്കും വിലക്കുണ്ട്. പദ്ധതിയുടെ പ്രോജക്ട് മാനേജർ എം അമർനാഥ് റെഡ്ഡിയെ സസ്പെൻഡ് ചെയ്തിരുന്നു.

ഈ മാസം 19നാണ് ദേശീയപാത 66ന്റെ ഭാഗം ഇടിഞ്ഞുതാണത്. ദേശീയപാത ഇടിഞ്ഞ് സർവീസ് റോഡിലേക്ക് വീഴുകയും സർവീസ് റോഡ് അടക്കം തകരുകയും ചെയ്തിരുന്നു. സംഭവത്തിന് പിന്നാലെ ദേശീയപാത അതോറിറ്റി പരിശോധന നടത്തിയിരുന്നു. രണ്ടംഗ സംഘം സ്ഥലത്തെത്തിയാണ് പരിശോധന നടത്തിയത്. മലയാളിയായ ഡോ ജിമ്മി തോമസ്, ഡോ അനിൽ ദീക്ഷിത് എന്നിവരാണ് കൂരിയാട് പരിശോധന നടത്തിയത്.

ഇഡി ഉദ്യോഗസ്ഥനെതിരായ കൈക്കൂലി കേസ്; അന്വേഷണത്തിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ്

കൊച്ചി: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർക്കെതിരായ കൈക്കൂലി ആരോപണം അന്വേഷിക്കാൻ സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തി ഇഡി. ഇഡിക്ക് എതിരായ അന്വേഷണം ഇഡി തന്നെ അന്വേഷിക്കാൻ പോകുന്നു എന്ന അപൂർവതയ്ക്കാണ് ഈ കേസ് സാക്ഷ്യംവഹിക്കുന്നത്. വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിൽ ഇസിഐആർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

അതേസമയം, പരാതിക്കാരനായ അനീഷ് ബാബുവിനെ അറസ്റ്റ് ചെയ്യരുതെന്ന് ഇഡിയോട് ഹൈക്കോടതി നിർദേശിച്ചു. ഇഡിയുടെ സമൻസിൽ നാളെ ഡൽഹിയിലെ ഇഡി ഓഫീസിൽ ഹാജരാകണമെന്ന് അനീഷിനോടും കോടതി നിർദേശിച്ചിട്ടുണ്ട്.

ഇഡിക്ക് അന്വേഷിക്കാൻ കഴിയുന്ന കുറ്റകൃത്യമാണ് എന്നത് പരിഗണിച്ചാണ് ഇഡി അസിസ്റ്റന്റ് ഡയറക്ടർക്കെതിരായ കൊച്ചിയിലെ കൈക്കൂലി കേസിൽ ഇഡി പുതിയ ഇസിഐആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പോലീസിന്റെ എഫ്ഐആറിന് സമാനമായി, ഇഡിക്ക് അന്വേഷണം ആരംഭിക്കുന്നതിനായി കേസ് രജിസ്റ്റർ ചെയ്യുന്നതാണ് ഇസിഐആർ. ഇത് രജിസ്റ്റർ ചെയ്തതിന് പിന്നാലെയാണ് അന്വേഷണത്തിനായി ഇഡി സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ രൂപീകരിച്ച് കേസിന്റെ അന്വേഷണച്ചുമതല ഏൽപിച്ചത്.

ഡൽഹി കേന്ദ്രീകരിച്ചായിരിക്കും കേസിന്റെ അന്വേഷണം നടക്കുക. ഈ കേസുമായി ബന്ധപ്പെട്ടാണ് ഇഡി അനീഷ് ബാബുവിനെ വിളിപ്പിച്ചിരിക്കുന്നത്. നാളെ ഡൽഹിയിലെ ഇഡി ആസ്ഥാനത്ത് ഹാജരാകാനാണ് അനീഷ് ബാബുവിന് സമൻസ് നൽകിയിരിക്കുന്നത്. ഈ സമൻസുമായി ബന്ധപ്പെട്ട് അനീഷ് ബാബു ഇന്ന് മുൻകൂർ ജാമ്യഹർജിയുമായി ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഇതിൽ അനീഷ് ബാബുവിന്റെ അറസ്റ്റ് തടഞ്ഞുകൊണ്ടുള്ള ഇടക്കാല ഉത്തരവിന് കോടതി ഉത്തരവിട്ടു.

വന്ദേഭാരതിൽ നിന്ന് വീണ്ടും പഴകിയ ഭക്ഷണം പിടികൂടി

തിരു: വന്ദേഭാരതിൽ നിന്ന് വീണ്ടും പഴകിയ ഭക്ഷണം പിടികൂടി. മംഗളൂരു - തിരുവനന്തപുരം വന്ദേഭാരതിൽ നിന്നാണ് പഴകിയ ജ്യൂസ് പിടികൂടിയത്. മാർച്ച് 24ന് കാലാവധി അവസാനിച്ച ജ്യൂസാണ് യാത്രക്കാർക്ക് നൽകിയത്.

ഇന്ന് മംഗളൂരുവിൽ നിന്ന് തിരുവനന്തപുരത്തേക്കുപോകുമ്പോഴായിരുന്നു സംഭവം. ട്രെയിനിൽ നിന്ന് ഭക്ഷണമോ പാനീയങ്ങളോ വാങ്ങിച്ചാൽ നിർബന്ധമായും എക്സ്പയറി ഡേറ്റ് ശ്രദ്ധിക്കണം. ഇല്ലെങ്കിൽ പണി കിട്ടാൻ സാദ്ധ്യതയുണ്ട്.

വന്ദേഭാരത് ഉൾപ്പടെയുള്ള ട്രെയിനുകളിൽ ഭക്ഷണം വിതരണം ചെയ്യുന്ന കാറ്ററിംഗ് സ്ഥാപനത്തിൽ നേരത്തെ ഭക്ഷ്യ വകുപ്പ് പരിശോധന നടത്തിയിരുന്നു. എറണാകുളം കടവന്ത്രയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കോർപ്പറേഷന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് അഴുകിയ ഇറച്ചിയും ചീമുട്ടയും അടക്കം കണ്ടെത്തിയിരുന്നു. ഇതോടെ ട്രെയിനുകളുടെ ഭക്ഷണത്തെക്കുറിച്ച് ആശങ്ക ഉയർന്നിരുന്നു.

ഇതിനുപിന്നാലെ വന്ദേഭാരതിലെ ഭക്ഷ്യ സുരക്ഷ റെയിൽവേ ഗൗരവമായെടുക്കണമെന്ന് സംസ്ഥാനത്തെ എം പിമാർ ആവശ്യപ്പെട്ടിരുന്നു. ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ആർ എൻ സിംഗിന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന സംസ്ഥാനത്തെ റെയിൽവേ വികസനം സംബന്ധിച്ച എം പിമാരുടെ യോഗത്തിലാണ് ആവശ്യമുന്നയിച്ചത്.

മോശം ഭക്ഷണം നൽകിയ കരാറുകാരന് ഒരു ലക്ഷം രൂപ പിഴ ചുമത്തിയെന്നും അന്വേഷണത്തിന് ഉത്തരവിട്ടെന്നും റെയിൽവേ ജനറൽ മാനേജർ അറിയിച്ചിരുന്നു. എന്നാൽ കരാറുകാരനെ ബ്ളാക്ക് ലിസ്റ്റ് ചെയ്യണമെന്ന് എം പിമാർ ആവശ്യപ്പെട്ടു

സ്കൂൾ പ്രവേശനോത്സവം ജൂൺ 2ന്: ചരിത്രത്തിലാദ്യമായി വിദ്യാർഥിനിയുടെ കവിത പ്രവേശനോത്സവ ഗാനം

തിരു: ഈ വർഷത്തെ സംസ്ഥാന സ്കൂൾ പ്രവേശനോത്സവം ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ജൂൺ രണ്ടിന് നടക്കും. വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിക്കും. പ്രവേശനോത്സവ ചരിത്രത്തിൽ ആദ്യമായി ഒരു വിദ്യാർഥിനിയുടെ കവിത പ്രവേശനോത്സവ ഗാനമാകും.

കൊട്ടാരക്കര താമരക്കുടി എസ്.വി.വി.എച്ച് എസ്.എസിലെ വിദ്യാർഥിനിയായ ഭദ്ര ഹരി എഴുതിയ ഗാനമാണ് പ്രവേശനോത്സവ ഗാനമായി തെരെഞ്ഞെടുത്തിരിക്കുന്നത്. രാവിലെ 8.30 മുതൽ വിദ്യാർഥികളുടെ കലാപരിപാടികൾ ആരംഭിക്കും.

പ്രവേശനോത്സവത്തിന്റെ ഭാഗമായി 3000 പേർക്ക് സദ്യയൊരുക്കും. മേയ് 31ന് 5000 പേർ പങ്കെടുക്കുന്ന വിളംബര ജാഥ സംഘടിപ്പിക്കും.

വിദ്യാർത്ഥികളെ സ്കൂൾ മുതൽ വീടുവരെ കാട്ടാനഓടിച്ചു

വയനാട്: കാട്ടാനയുടെ ആക്രമണത്തിൽ നിന്ന് വിദ്യാർത്ഥികൾ തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. പൊഴുതന ടൗണിൽ ഇന്നലെ രാത്രി 11 മണിയോടെയാണ് സംഭവം. റിഹാൻ, റിസ്വാൻ, സാബിർ എന്നീ വിദ്യാർത്ഥികളാണ് ആനയുടെ ആക്രമണത്തിൽ നിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ടത്. ഇവർ മൂന്നുപേരും പ്ലസ് ടു വിദ്യാർത്ഥികളാണ്.ആക്രമിക്കാനെത്തിയ ആനയെ കണ്ടതോടെ ഇവർ ഓടി രക്ഷപ്പെടുകയായിരുന്നു. പൊഴുതന സ്കൂൾ മുതൽ വീട് വരെ ആന ഇവരെ ഓടിച്ചു. ഓടുന്ന വഴിയിൽ കണ്ട ഇരുചക്ര വാഹനങ്ങളെല്ലാം ആന നശിപ്പിച്ചു. ആനയുടെ ആക്രമണത്തിൽ നിന്ന് കുട്ടികൾ രക്ഷപ്പെടുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

ഒന്നിലധികം ആനകൾ പൊഴുതനയിൽ ഇറങ്ങിയിട്ടുണ്ട്. ഇവർ ഒരു വീടിന്റെ സമീപത്ത് കൂടി പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

രാത്രിയിൽ റബർ ഷീറ്റും ഒട്ടുപാലും മോഷ്ടിക്കും; വിറ്റു കാശാക്കി പകൽ ഫുഡടി, വെള്ളമടി; യുവാക്കൾ പിടിയിൽ

കൊല്ലം: രാത്രി മുഴുവൻ മോഷണം നടത്തിയ ശേഷം മോഷണമുതൽ പകൽ വിറ്റ് പണമാക്കി മദ്യവും ഭക്ഷണവും വാങ്ങിക്കഴിഞ്ഞിരുന്ന യുവാക്കൾ പിടിയിൽ. കൊല്ലം കടയ്ക്കൽ വെളിനല്ലൂർ സ്വദേശിയായ ആരോമലും സംഘവുമാണ് പൊലീസിന്റെ പിടിയിലായത്. ആരോമലിനെ കൂടാതെ ചന്തു, അഖിൽ, മനോജ് എന്നിവരും അറസ്റ്റിലായി. ഓയൂർ, കരിങ്ങന്നൂർ, കാളവയൽ എന്നീ പ്രദേശങ്ങളിൽ നാൽവർ സംഘം പതിവായി മോഷണം നടത്തി വരികയായിരുന്നുവെന്ന് പൊലീസ് പറയുന്നു.

പ്രദേശത്തെ വീടുകളിൽ നിന്നും റബർ ഷീറ്റ്, ഒട്ടുപാൽ, മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവയാണ് ആരോമലും സംഘവും മോഷ്ടിച്ചിരുന്നത്. പൊറുതിമുട്ടിയ നാട്ടുകാർ പൊലീസിൽ പരാതി നൽകുകയായിരുന്നു. പ്രതികൾ മൊബൈൽ ഫോൺ ഉപയോഗിക്കാതിരുന്നതോടെ കണ്ടെത്താൻ പൊലീസും ബുദ്ധിമുട്ടി. തുടർന്ന് പൂയപ്പള്ളി സബ് ഇൻസ്പെക്ടർ രജനീഷിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ആരംഭിക്കുകയായിരുന്നു.

പൊലീസ് കൃത്യമായി വലവിരിച്ചതോടെ രാത്രി മോഷ്ടിച്ച വസ്തുക്കൾ സംഘം പകൽ വിറ്റ് കാശാക്കി ജീവിക്കുകയാണെന്ന് കണ്ടെത്തി. ഭക്ഷണവും മദ്യവും വാങ്ങിയെത്തുന്ന സംഘം പ്രദേശത്തെ വെള്ളച്ചാട്ടത്തിനരികിലാണ് പകൽനേരം ചെലവഴിച്ചിരുന്നത്. തിരഞ്ഞ് വെള്ളച്ചാട്ടത്തിന് സമീപമെത്തിയ പൊലീസ് ഇവരെ കയ്യോടെ പിടികൂടുകയും ചെയ്തു.

ചാരപ്പണി: കോൺഗ്രസ് നേതാവിന്റെമുൻ പഴ്സനൽ സ്റ്റാഫംഗം പിടിയിൽ

ന്യൂഡൽഹി: പാക്കിസ്ഥാന് വേണ്ടി ചാരപ്പണി ചെയ്തുവെന്ന സൂചനകളെ തുടർന്ന് രാജസ്ഥാനിൽ സർക്കാർ ഉദ്യോഗസ്ഥനും കോൺഗ്രസ് നേതാവിന്റെ അടുത്ത അനുയായിയുമായ സാകുർ ഖാൻ മംഗലിയാർ അറസ്റ്റിൽ. ജയ്സൽമേറിലെ ഓഫിസിൽ വച്ച് സിഐഡിരഹസ്യാന്വേഷണ സംഘമാണ് സാകുർ ഖാനെ അറസ്റ്റ് ചെയ്തത്. വിശദമായി ചോദ്യം ചെയ്യുന്നതിനായി ഇയാളെ ജയ്പുറിലേക്ക് മാറ്റിയേക്കും. സംസ്ഥാനത്തെ പ്രമുഖനായ മുതിർന്ന കോൺഗ്രസ് നേതാവുമായി സാകുർ ഖാനുള്ള ബന്ധത്തെ കുറിച്ചും രഹസ്യാന്വേഷണ വിഭാഗം വിശദമായ അന്വേഷണം നടത്തുന്നുണ്ട്. കഴിഞ്ഞ കോൺഗ്രസ് സർക്കാരിൽ പ്രമുഖ നേതാവിൻറെ പഴ്സനൽ സ്റ്റാഫിൽ സാകുർ ഉണ്ടായിരുന്നുവെന്നും ഉദ്യോഗസ്ഥർ വെളിപ്പെടുത്തി.

ബറോഡയിലെ ധാനി ഗ്രാമക്കാരനായ സാകുർ കുറച്ചധികം ആഴ്ചകളായി കടുത്ത നിരീക്ഷണത്തിലായിരുന്നു. സാകുറിൻറെ ഫോണിൽ നിന്നും പാക്കിസ്ഥാനിലെ നിരവധിപ്പേരുടെ ഫോൺ നമ്പറുകൾ ലഭിച്ചുവെന്നും ഇതേക്കുറിച്ച് തൃപ്തികരമായ വിശദീകരണമല്ല സാകുർ നൽകിയതെന്നും പൊലീസ് പറയുന്നു. അടുത്തിടെ ഏഴുതവണ സാകുർ പാക്കിസ്ഥാൻ സന്ദർശിച്ചതും ആശങ്ക ജനിപ്പിക്കുന്നതാണെന്ന് പൊലീസ് പറയുന്നു. അതേസമയം, സാകുറിൻറെ ഫോണിൽ നിന്നും സൈന്യവുമായി ബന്ധപ്പെട്ട ചിത്രങ്ങളോ വിഡിയോകളോ കണ്ടെത്തിയിട്ടില്ല.

കേരളത്തിൽ മഴ കനക്കുന്നു; നാല് ജില്ലകളിൽ പ്രളയ സാദ്ധ്യതാ മുന്നറിയിപ്പ്, ജാഗ്രത നിർദേശം

തിരു : സംസ്ഥാനത്ത് മഴ ശക്തമാകുന്ന സാഹചര്യത്തിൽ നദികൾ കരകവിഞ്ഞൊഴുകാൻ ഇടയുള്ളതിനാൽ പ്രളയ സാദ്ധ്യതാ മുന്നറിയിപ്പ് നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രളയ സാദ്ധ്യത കണക്കിലെടുത്ത് വിവിധ നദികൾക്ക് ഓറഞ്ച് അലർട്ടുകൾ നൽകിയിട്ടുണ്ട്. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാദ്ധ്യതയുള്ള യിടങ്ങളിൽ നിന്ന് മാറി താമസിക്കണമെന്നാണ് നിർദേശം. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണെന്നും നിർദേശമുണ്ട്.

പത്തനംതിട്ടയിലെ മണിമല നദിയിൽ ഓറഞ്ചും, കോട്ടയം മീനച്ചിൽ, കോഴിക്കോട് കോരപ്പുഴ, പത്തനംതിട്ട അച്ചൻകോവിൽ, വയനാട് കബനി എന്നീ നദികളിൽ മഞ്ഞ അലർട്ടും നിലനിൽക്കുന്നു. ഈ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പിന്റെ പത്തനംതിട്ടയിലെ മണിമല നദിയിലെ തോണ്ടറ (വള്ളംകുളം) സ്റ്റേഷനിൽ ഓറഞ്ച് അലർട്ടും കോട്ടയം ജില്ലയിലെ മീനച്ചിൽ നദിയിലെ പേരൂർ സ്റ്റേഷൻ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ നദിയിലെ കുന്നമംഗലം, കൊള്ളിക്കൽ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അരികുവത്ക്കരിക്കപ്പെട്ട മനുഷ്യരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണ് അംബേദ്കർ ഗ്രാമങ്ങൾ: മന്ത്രി അഡ്വ. കെ രാജൻ

തൃശൂർ: അരികുവത്ക്കരിക്കപ്പെട്ട മനുഷ്യരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണ് അംബേദ്കർ ഗ്രാമങ്ങളെന്ന് മന്ത്രി അഡ്വ. കെ രാജൻ. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി 2022 -2023 പ്രകാരം ഒല്ലൂർ നിയോജകമണ്ഡലം ഹെർബർട്ട് നഗറിൽ നടപ്പിലാക്കുന്ന ഒരുകോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മേയർ എം. കെ വർഗീസ് അധ്യക്ഷത വഹിച്ചു.

പദ്ധതിയിൽ ഉൾപ്പെടുത്തി 38 വീടുകളുടെ അറ്റകുറ്റ പണിക്കായി 48 ലക്ഷത്തോളം രൂപ നീക്കി വെച്ചിട്ടുണ്ടെന്നും ഇതുൾപ്പെടെ ഹെർബർട്ട് നഗറിൽ ഒരു കോടിയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. സമൂഹത്തിൽ ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് ഉച്ചനീചത്വങ്ങളുടെ പേരിൽ ഒന്നിച്ചിരിക്കാൻ അവസരമില്ലാതിരുന്ന മനുഷ്യരിൽ നിന്ന് ഒന്നിച്ചിരിക്കാവുന്ന നിലയിലേക്ക് സമൂഹം രൂപാന്തരം പ്രാപിച്ചതിനെ കുറിച്ചും അയിത്തത്തിന്റെ പേരിൽ വിദ്യാലയത്തിൽ പഠിക്കാൻ അവസരം ലഭിക്കാതിരുന്ന പഞ്ചമിയുടേയും പഞ്ചമിമാരുടെ വിദ്യാഭ്യാസ അവകാശത്തിന് വേണ്ടി പാടത്ത് നിന്ന് സമൂഹത്തിലേക്കിറങ്ങി സമരം ചെയ്ത കർഷക തൊഴിലാളികൾക്ക് നേതൃത്വം നൽകിയ മഹാത്മാ അയ്യൻകാളിയുടേയും സ്മാരകമായി തിരുവനന്തപുരം ഊരൂട്ടമ്പലത്ത് നിർമ്മിച്ച പഞ്ചമി സ്മാരക ഗവൺമെന്റ് യുപി സ്കൂൾ രണ്ട് വർഷങ്ങൾക്ക് മുൻപ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചതിനെ കുറിച്ചും മന്ത്രി സംസാരിച്ചു.

ഡിവിഷൻ കൗൺസിലർ എ. ആർ രാഹുൽ നാഥ് സ്വാഗതവും പട്ടികജാതി വികസന ഓഫീസർ വി. പ്രബിത നന്ദിയും പറഞ്ഞു. സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ എ. എം സതീദേവി റിപ്പോർട്ട് അവതരിപ്പിച്ചു. രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി. ആർ കണ്ണൻ, എം പി ജോർജ് തുടങ്ങിയവർ ആശംസകൾ നേർന്നു.

പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ പരാതി പരിഹാര അദാലത്ത് നടത്തി

87 പരാതികൾ തീർപ്പാക്കി

തൃശൂർ: കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ചു. തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് അനക്സ് ഹാളിൽ രണ്ട് ദിവസങ്ങളിലായി നടത്തിയ അദാലത്തിൽ 106 പരാതികൾ പരിഗണിച്ചു. 87 പരാതികൾ പൂർണമായും തീർപ്പാക്കി. 19 പരാതികൾ അടുത്ത ഹിയറിങ്ങിനായി മാറ്റി വെച്ചു.

വിവിധ സേവനങ്ങൾ സംബന്ധിച്ച പരാതികളും പട്ടികജാതി പീഡന പരാതികളും ജാതി അധിക്ഷേപ പരാതികളും അദാലത്തിൽ പരിഗണിച്ചു. അദാലത്തിന്റെ രണ്ടാം ദിവസത്തിൽ പുതിയതായി 12 പരാതികൾ കൂടി ലഭിച്ചു.

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, മെമ്പർമാരായ ടി.കെ വാസു, അഡ്വ. സേതു നാരായണൻ തുടങ്ങിയവർ അദാലത്തിന് നേതൃത്വം നൽകി. പൊലീസ്, റവന്യൂ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസം, ദേവസ്വം, വൈദ്യുതി, വനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അദാലത്തിൽ പങ്കെടുത്തു.

മദ്യക്കച്ചവട രംഗത്തെ വിജയത്തെ കുറിച്ചും പിണറായി പറയണം: ഇ എ ജോസഫ്

തൃശൂർ: കഴിഞ്ഞ ഒമ്പത് വർഷത്തെ ഭരണത്തിൽ എല്ലാ രംഗത്തും വിജയം ഉണ്ടായി എന്ന് വീമ്പിളക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ എന്തുകൊണ്ട് മദ്യവർജനനയം വിജയം കണ്ടു എന്ന് പറയുന്നില്ല എന്ന് മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് ആരാഞ്ഞു.

മദ്യ വിമോചന മഹാ സഖ്യം തൃശൂർ ജില്ലാ സമ്മേളനം സെന്റ് തോമാസ് കോളേജിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന നിർവാഹക സമിതി അംഗം പോൾ ചെവിടൻ അദ്ധ്യക്ഷനായിരുന്നു.

കേരളത്തെ മദ്യവിമുക്തമാക്കുവാൻ ഉമ്മൻചാണ്ടിയുടെ മദ്യനിരോധനത്തിന് കഴിയില്ല, അതിന് മദ്യവർജനമാണ് വേണ്ടതെന്ന് ജനത്തെ വിശ്വസിപ്പിച്ച് അധികാരത്തിൽ വന്ന സർക്കാർ കേരളത്തെ മദ്യത്തിലും മറ്റു ലഹരി പദാർത്ഥങ്ങളിലും മുക്കി കൊല്ലുകയാണെന്ന് ജോസഫ് ആരോപിച്ചു.

ജില്ലാ ഭാരവാഹികളായി ഹമീദ് മനക്കൊടി (പ്രസിഡന്റ്) ബേബി കണ്ണംപടത്തി, കെ എം പ്രേമദാസ് (വൈസ് പ്രസിഡണ്ടുമാർ) ബിന്ദു ജി മേനോൻ (സെക്രട്ടറി) ബേബി ജോജോ കല്ലുക്കാരൻ, ഷംസുദ്ദീൻ വടക്കാഞ്ചേരി (ജോയന്റ് സെക്രട്ടറിമാർ) പോൾ ചെവിടൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

യുവതി പാമ്പുകടിയേറ്റ് മരിച്ചു

ഇരിങ്ങാലക്കുട : നഗരസഭ എട്ടാം വാർഡ് മാടായിക്കോണം സ്കൂളിനു സമീപം ചെറാക്കുളം വീട്ടിൽ ഷാരോൺ ഭാര്യ ഹെന്ന (27) പാമ്പുകടിയേറ്റു മരിച്ചു. പിതാവ് തട്ടിൽ വീട്ടിൽ പീറ്റർ. മാതാവ് ജീന. ഏകമകൻ മൂന്നു വയസ്സുള്ള ഹൈയ്ദൻ. സഹോദരി മിന്ന ക്രിസ്റ്റഫർ.സംസ്കാരകർമ്മം ഇന്ന് ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് സെന്റ് തോമസ് ദേവാലയ സെമിത്തേരിയിൽ.

യുണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിൽ കോഴ്സ് കംപ്ലീഷൻ സെറിമണി

ഇരിങ്ങാലക്കുട: വെള്ളാങ്കല്ലൂർ വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിങ്ങ് കോളേജിൽ നിന്ന് നാലു വർഷത്തെ ബി-ടെക് ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ കോഴ്സ് കംപ്ലീഷൻ സെറിമണി നടന്നു. സിവിൽ എഞ്ചിനീയറിങ്ങ്, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ്ങ് എന്നീ വിഭാഗങ്ങളിൽ നിന്നായി 210 വിദ്യാർത്ഥികളാണ് കോഴ്സ് പൂർത്തിയാക്കി കലാലയത്തിന്റെ പടിയിറങ്ങുന്നത്. കോഴ്സ് കംപ്ലീഷൻ സെറിമണി തൃശൂർ ജില്ലാ സബ് കളക്ടർ അഖിൽ വി. മേനോൻ ഉദ്ഘാടനം ചെയ്തു. അരൂർ കെൽട്രോൺ ടെക്നിക്കൽ ഡയറക്ടർ ഡോ.എസ്.വിജയൻ പിള്ള മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ.ജോസ്.കെ. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു.വൈസ് പ്രിൻസിപ്പാൾ ഡോ.കെ. കെ.നാരായണൻ, കോളേജ് ഡീൻ ഡോ.എം.വി ജോബിൻ, വകുപ്പ് മേധാവികളായ ഡോ. പ്രേംശങ്കർ, ഡോ. ഹരി നാരായണൻ, ഡോ.എം.ജോളി, ഡോ.ഷാനിബ ആസ്മി, നിഖില അശോക്. കെ എന്നിവർ ആശംസയർപ്പിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

സാമൂഹിക ആഘാത പഠനം; പാനൽ രൂപീകരിക്കുന്നു

തൃശ്ശൂർ: ജില്ലയിൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം 200 ആർ വരെയുള്ള പുതിയ സ്ഥലമെടുപ്പ് നടപടികളിൽ സാമൂഹിക ആഘാത പഠനം, നിർണ്ണയം എന്നിവ നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാനൽ രൂപീകരിക്കുന്നു. സാമ്പത്തിക ശാസ്ത്ര മേഖലയിൽ നല്ല അവഗാഹമുള്ള പരിചയസമ്പന്നരായ വ്യക്തികൾ/സോഷ്യോളജി പ്രൊഫസർ/മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്/സംഘടനകൾ/ കലാശാലകൾ/പ്രൊഫഷണൽ കോളേജുകൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഈ മേഖലയിൽ പ്രവർത്തിപരിചയവും സാങ്കേതിക അറിവും തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സഹിതം ജൂൺ 20 ന് അഞ്ചുമണിക്കകം ജില്ലാ കളക്ടർ, സിവിൽ സ്റ്റേഷൻ, തൃശ്ശൂർ എന്ന വിലാസത്തിലോ dyclatsr.ker@nic.in എന്ന ഇ-മെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2239530.

അധികം ജോലിക്കാരും കുറച്ച് രോഗികളും കാവലായി ഡ്രൈവർ ഇല്ലാത്ത ആംബുലൻസും

പുതുക്കാട്: പുതുക്കാട് ഗവ. ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ ഇല്ലാത്ത സ്ഥിതിയാണുള്ളത്. ഡോക്ടർമാരുടെ കുറവും ഉണ്ട്. ഇന്നലെ രാവിലെ ആശുപത്രിയിൽ കൊണ്ടുവന്ന ഒരു രോഗിയെ ഡോക്ടർ അത്യാവശ്യമരുന്നുകൾ നൽകിയെങ്കിലും കുറവ് കാണാതെ വന്നപ്പോൾ ഉടനെ തൃശ്ശൂരിലെ ആശുപത്രിയിൽ എത്തിക്കണമെന്ന് അറിയിച്ചു. രോഗിയെ കൊണ്ടുവന്നവർ ഹോസ്പിറ്റൽ ആംബുലൻസിൽ കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. അപ്പോൾ ഡ്രൈവറില്ല എന്ന് പറഞ്ഞു. ഉടനെ രോഗിയുടെ കൂടെ എത്തിയവർ ബഹളം വെച്ച് തിക്കുംതിരക്കും ഉന്തും തള്ളും ആയി ആശുപത്രി പരിസരം ജനങ്ങളാൽ നിറഞ്ഞു. ഉടൻ മറ്റൊരു ആംബുലൻസ് വന്ന് രോഗിയെ ഓക്സിജൻ ഡ്രിപ്പ് എന്നിവ ശരിയാക്കി തൃശ്ശൂർ ഹോസ്പിറ്റലിൽ എത്തിച്ചു. എല്ലാം ശാന്തമായപ്പോൾ ആംബുലൻസ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി. കൊടകര ബ്ലോക്ക് ആണ് ആശുപത്രി കൈകാര്യം ചെയ്യുന്നത്. റിട്ടയർ ചെയ്ത ജീവനക്കാർ ഇപ്പോൾ പുതുക്കാട് ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. ഡോക്ടറെ കാണാൻ വരുന്ന രോഗികളോട് ഹെൽത്ത് സെന്റർ ഉണ്ടല്ലോ അവിടെ പോയി മരുന്ന് വാങ്ങിക്കൂടെ എന്ന് ആശുപത്രി അധികൃതർ ചോദിക്കും. 10 ദിവസത്തെ മരുന്ന് എഴുതിയാൽ 5 ദിവസത്തേക്ക് കൊടുക്കും. എല്ലാറ്റിനും പരിഹാരം കാണണെന്ന് അധികാരികളോട് നാട്ടുകാർ അപേക്ഷിക്കുന്നു.

വിവിധ തസ്തികകളിൽ നിയമനം

കുന്നംകുളം: സർക്കാർ അന്ധവിദ്യാലയത്തിൽ വിവിധ തസ്തികകളിൽ നിയമനം നടത്തുന്നു. പാർട്ട് ടൈം ഹിന്ദി ടീച്ചർ, ക്രാഫ്റ്റ് ടീച്ചർ, പാർട്ട് ടൈം ഇൻസ്ട്രുമെന്റൽ മ്യൂസിക് ടീച്ചർ, എഫ്ടിഎം കുക്ക്, മെയിൻ മേട്രൺ, ഫീമെയിൽ മേട്രൺ, എഫ്ടിഎം വാച്ച്മാൻ, ബ്രെയിലിസ്റ്റ്, ആയ എന്നീ തസ്തികകളിലാണ് നിയമനം നടത്തുന്നത്. ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട മേഖലകളിലെ യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും ബയോഡാറ്റയും സഹിതം കുന്നംകുളം സർക്കാർ അന്ധവിദ്യാലയത്തിൽ മെയ് 30 ന് രാവിലെ 10.30 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 9745126448.

പൊന്നാടയും ഉപഹാരവും നൽകി അനുമോദിച്ചു

ഗുരുവായൂർ:മമ്മിയൂർ സായ് മന്ദിരത്തിൽ സംഘടിപ്പിച്ച ജന്മദിനാഘോഷ ചടങ്ങിൽ വെച്ച് സായി സഞ്ജീവനി മഠാധിപതി ഡോ:ഹരിനാരായണ സ്വാമിയെ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം പൊന്നാടയും ഉപഹാരവും നൽകി അനുമോദിച്ചു.

തുടർപഠനം തടഞ്ഞ സർവകലാശാല നടപടി ഹൈക്കോടതി ശരിവെച്ചു

തൃശ്ശൂർ : വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ റാഗിങ്ങിനിരയായി വിദ്യാർത്ഥി സിദ്ധാർത്ഥ് ആത്മഹത്യ ചെയ്ത സംഭവത്തിൽ പ്രതികളുടെ തുടർപഠനം തടഞ്ഞ സർവകലാശാല നടപടി ശരിവെച്ച് കേരള ഹൈക്കോടതി. പ്രതികളായ 19 വിദ്യാർത്ഥികളുടെ പഠനമാണ് സർവകലാശാല തടഞ്ഞത്. മൂന്നുവർഷത്തേക്ക് വിദ്യാർത്ഥികൾക്ക് ഒരു ക്യാംപസിലും പ്രവേശനം നേടാനാകില്ല. സിദ്ധാർത്ഥിന്റെ അമ്മ എം ആർ ഷീബയുടെ അപ്പീലിലാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. പ്രതികൾക്ക് അടുത്ത മൂന്ന് വർഷത്തേക്ക് മറ്റൊരു സർവകലാശാലയിലോ, ക്യാംപസിലോ പഠനത്തിനുള്ള സൗകര്യം ഒരുക്കരുതെന്ന് ആന്റി റാഗിങ് കമ്മിറ്റി നൽകിയ അടിയന്തര റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു.

ജില്ലാ കാർഷിക വികസന സമിതിയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട ആന്റോ മോഹൻ

പുനർ ലേലം/ ക്വട്ടേഷൻ

തൃശൂർ: വെസ്റ്റ് കോസ്റ്റ് കനാലിന്റെ ചാവക്കാട് റോഡ് ബ്രിഡ്ജ് മുതൽ തിരുവത്ര പാലം വരെ ഇരു കരകളിലുമായി നിക്ഷേപിച്ച 17,153. 65 എം ക്യൂബ് മണ്ണ് 2025 ജൂൺ രണ്ടാം തീയതി പകൽ പതിനൊന്ന് മണിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തൃശ്ശൂർ അഡിഷണൽ ഇറിഗേഷൻ ഡിവിഷനിൽ പരസ്യമായി പുനർലേലം ചെയ്യും. മെയ് 31 വൈകിട്ട് മൂന്ന് മണി വരെ മത്സര സ്വഭാവമുള്ള കൂട്ടേഷനുകളും സമർപ്പിക്കാം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം ആരംഭിക്കുന്നതിന് മുൻപായി 50, 000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ഈ ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ച് അറിയാവുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

അഭിമുഖം റദ്ദാക്കി

തൃശൂർ: കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രൊജക്റ്റ് ഇ പി 365, പബ്ലിക് റിലേഷൻസ് ഓഫിസറുടെ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി ജൂൺ രണ്ട് തിങ്കളാഴ്ച്ച രാവിലെ 10 മണിക്ക് നടത്താനിരുന്ന അഭിമുഖം റദ്ദാക്കിയതായി രജിസ്ട്രാർ അറിയിച്ചു. ഫോൺ : 0487 2690100.

ഐക്യു നിയോ 10 പ്രീബുക്കിങ് തുടങ്ങി

കൊച്ചി: സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യു നിയോ10 ഇന്ത്യയിൽ അവതരിപ്പിച്ചു. മൾട്ടിടാസ്കിങ് യുവ പ്രൊഫഷണലുകളെ ലക്ഷ്യമിട്ടുള്ള മോഡലിന് 31,999 രൂപ മുതൽ 38,999 രൂപ വരെയാണ് വില. പ്രീബുക്കിങിൽ രണ്ടായിരം രൂപയുടെ ഇളവ് ലഭിക്കും. ഡ്യൂവൽ ചിപ്പ് പവർ ഉപയോഗിച്ച് മുൻനിര നിലവാരത്തിലുള്ള പ്രകടനവും നൂതനത്വവും വേഗതയും നൽകുന്ന ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ സ്മാർട്ട്ഫോണാണ് ഐക്യുഒ നിയോ 10 എന്ന് കമ്പനി അവകാശപ്പെടുന്നു. സ്നാപ്ഡ്രാഗൺ എസ8 ജെൻ 4 പ്രോസസർ ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ആദ്യത്തെ സ്മാർട്ട്ഫോണാണിതെന്നും കമ്പനി അവകാശപ്പെടുന്നു. ആമസോണിലും ഐക്യൂ ഡോട്ട് കോമിലും പ്രീബുക്കിങ് ആരംഭിച്ചു.

അധ്യാപക ഇന്റർവ്യൂ ജൂൺ 2 ന്

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിൽ സൈക്കോളജി വിഭാഗം അധ്യാപക ഇന്റർവ്യൂ ജൂൺ 2ന് രാവിലെ 10 മണിക്ക് നടക്കും. പി. എച്ച്ഡി, നെറ്റ് ഉള്ളവർക്ക് മുൻഗണന.

കനത്ത മഴ; എടതിരിഞ്ഞിയിൽ ദുരിതാശ്വാസക്യാമ്പ് തുടങ്ങി

പുല്ലൂരിൽ ഒരു വീട് ഭാഗികമായി തകർന്നു; മരങ്ങൾ വീണ് ഇരിങ്ങാലക്കുട മേഖലയിൽ തകർന്നത് 40തോളം വൈദ്യുതി പോസ്റ്റുകൾ

ഇരിങ്ങാലക്കുട : കനത്ത മഴയിൽ പടിയൂർ പഞ്ചായത്തിലെ പത്തനങ്ങാടി പ്രദേശത്ത് വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പ് തുടങ്ങി. മൂന്ന് കുടുംബങ്ങളിൽ നിന്നായി ഒൻപത് പേരാണ് എടതിരിഞ്ഞി എച്ച്ഡിപി സ്കൂളിൽ ആരംഭിച്ച ക്യാമ്പിൽ ഉള്ളത്. കാറ്റിലും മഴയിലും മരം വീണ് താലൂക്കിൽ പുല്ലൂർ കൊളക്കാട്ടിൽ ബിജുവിന്റെ വീട് ഭാഗികമായി തകർന്നു.

അതേ സമയം ശക്തമായ കാറ്റിൽ മരങ്ങൾ വീണ് പോസ്റ്റുകൾ തകർന്നും വൈദ്യുതി ലൈനുകൾ തകർന്നതിനെ തുടങ്ങിയ മുടങ്ങിയ വൈദ്യുതി വിതരണം പുനസ്ഥാപിക്കാനുള്ള പ്രയത്നങ്ങളിലാണ് കെഎസ്ഇബി അധികൃതർ. കെഎസ്ഇബി ഇരിങ്ങാലക്കുട ഡിവിഷനുകളുടെ പരിധിയിൽ 40തോളം പോസ്റ്റുകളാണ് തകർന്നിട്ടുള്ളത്. 130 ഓളം ഇടങ്ങളിൽ ലൈനുകളും തകർന്നിട്ടുണ്ട്.ചേലൂർ, അമേരിക്കൻ കെട്ട്, കണ്ഠേശ്വരം എന്നിവടങ്ങളിൽ എതാനും ദിവസങ്ങളായി വൈദ്യുതി വിതരണം മുടങ്ങിയ നിലയിലാണ് . പോസ്റ്റുകൾ പുനസ്ഥാപിക്കാൻ നാളെ മുതൽ കൂടുതൽ കരാറുകാരെ ചുമതലപ്പെടുത്തുമെന്ന് കെഎസ്ഇബി അധികൃതർ അറിയിച്ചു. പട്ടണത്തിലെ വൈദ്യുതി വിതരണം പുനസ്ഥാപിച്ച് കഴിഞ്ഞെങ്കിലും പടിയൂർ, പൂമംഗലം പഞ്ചായത്തുകളിൽ ഇനിയും പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. ഇന്നലെ വൈകീട്ട് തെങ്ങ് വീണ് പടിയൂർ പഞ്ചായത്തിൽ ചെട്ടിയാലിൽ 6പോസ്റ്റുകൾ തകർന്നിട്ടുണ്ട്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 742/2024

മുകുന്ദപുരം താലൂക്ക് കടുപ്പശ്ശേരി വില്ലേജ് ടി ദേശത്ത് നക്കര ഹരി ഭാര്യ ധന്യ മോൾ

-വാദി

മുകുന്ദപുരം താലൂക്ക് കാറളം വില്ലേജ് ചെമ്മണ്ട ദേശത്ത് കല്ലിങ്ങൽ മാധവൻ മകൻ ജയചന്ദ്രൻ

- പ്രതി

മേൽ നമ്പറിൽ പ്രതിക്കായുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പത്രത്തിലും പതിച്ചുനടത്താൻ അനുവദിച്ച് **03-07-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതും, ആക്ഷേപമുള്ളർ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 26-05-2025

വാദിഭാഗം അഡ്വക്കേറ്റ്

പി. മധുസൂദന മേനോൻ (ഒപ്പ്)

സ്ത്രികളെ അവഗണിക്കുന്നതിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് അഡ്വ.ജെബിമേത്തർ

പുതുക്കാട്: മഹിളാ കോൺഗ്രസ്സിന്റെ സംസ്ഥാന അധ്യക്ഷ അഡ്വ. ജെബി മേത്തർ എം പി നയിക്കുന്ന 'മഹിള സാഹസ് യാത്ര പുതുക്കാട് സെന്ററിൽ സ്വീകരണം നൽകി.

മഹിളാ കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് കെ പി കല്യാണിയുടെ അദ്ധ്യക്ഷതയിൽ കെ പി സി സി സെക്രട്ടറി അഡ്വ ഷാജി കോടൻ കണ്ടത്ത് ഉൽഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ടി നിർമ്മല, ജില്ലാസെക്ടറി മാരായ റജി ജോർജ്, ജോളി ചുക്കിരി, ബ്ലോക്ക് പ്രസിഡണ്ട് രജനി സുധാകരൻ സെബി കൊടിയൻ, കെ എം ബാബുരാജ് സുധൻ കാരയിൽ, ടി എസ് രാജു, രതി ബാബു., പി പി ചന്ദ്രൻ., ഷൈനി ജോജു, എന്നിവർ സംസാരിച്ചു

വീട്ടിൽ മോഷ്ടിക്കാൻ കയറിയ കള്ളൻ മൊബൈൽ മറന്ന് വച്ച്പിടിയിലായി

തൃശൂർ : വീട്ടിൽ മോഷ്ടിക്കാൻ കയറിയ കള്ളൻ അതേ വീട്ടിൽ തന്റെ മൊബൈൽ മറന്ന് വച്ച് പിടിയിലായി. മാള താണിശേരി കൊടിയൻ വീട്ടിൽ ജോമോനെയാണ് (37) ചാലക്കുടി പോലീസ് അറസ്റ്റ് ചെയ്തത്. രാവിലെ ഒരു വീട്ടിൽ മോഷ്ടിക്കാൻ കയറിയപ്പോഴാണ് ജോമോന് അബദ്ധം പറ്റിയത്. ഇയാൾക്കെതിരെ വേറെയും കേസുകളുണ്ടെന്ന് പോലീസ് പറഞ്ഞു.

പുലർച്ചെ തൃശ്ശൂർ നോർത്ത് ചാലക്കുടി ചെങ്ങിനിമറ്റം ബാബുവിന്റെ വീട്ടിൽ മോഷ്ടിക്കാൻ കയറിയ മോഷ്ടാവ് വീട്ടുകാർ ഉണർന്നതിനെ തുടർന്ന് പെട്ടെന്ന് അവിടെ നിന്ന് ഓടി രക്ഷപ്പെടുകയായിരുന്നു. ഈ തിടുക്കത്തിൽ സ്വന്തം മൊബൈൽ ഫോണിന് പകരം വീട്ടുകാരിലൊരാളുടെ ഫോണാണ് എടുത്തുകൊണ്ട് ഓടിയത്.

വീട്ടിൽനിന്നും ലഭിച്ച മോഷ്ടാവിന്റെ മൊബൈൽ ഫോൺ വഴിയാണ് പിന്നീട് പോലീസ് പ്രതിയെ പിടിച്ചത്.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1188/2023

തൃശൂർ താലൂക്ക് മരത്താക്കര വില്ലേജ് മരത്താക്കര പോസ്റ്റ്, പിൻ-680014 ചിറയത്ത് വീട്ടിൽ ചാക്കുണ്ണി മകൻ സി സി ഷാജൻ

- അന്യായം

1) തൃശൂർ താലൂക്ക്, തൃശൂർ വില്ലേജ്, തൃശൂർ പോസ്റ്റ്-680001 ചെട്ടിയങ്ങാടിയിൽ സ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന ധന വ്യവസായ ബാങ്കേഴ്സ് എന്ന പാർട്ട്ണർഷിപ്പ് സ്ഥാപനം ടി സ്ഥാപനത്തെ പ്രതിനിധീകരിച്ച് മാനേജിംഗ് പാർട്ട്ണർ തൃശൂർ താലൂക്ക് കൂർക്കഞ്ചേരി വില്ലേജ് വടൂക്കര ദേശത്ത് വടൂക്കര പോസ്റ്റ്-680007 പാണഞ്ചേരി വീട്ടിൽ ദേവസ്സി മകൻ ജോയ് എന്ന ജോയ് ഡി പാണഞ്ചേരി

2) തൃശൂർ താലൂക്ക്, കൂർക്കഞ്ചേരി വില്ലേജ് വടൂക്കര ദേശത്ത് വടൂക്കര പോസ്റ്റ്-680007 പാണഞ്ചേരി വീട്ടിൽ ദേവസ്സി മകൻ 1-ാം പ്രതി സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ട്ണർ ജോയ് എന്ന ജോയ് ഡി പാണഞ്ചേരി

3) ടി വിലാസത്തിൽ 2-ാം പ്രതി ജോയ് എന്ന ജോയ് ഡി പാണഞ്ചേരി ഭാര്യ 1-ാം പ്രതി സ്ഥാപനത്തിന്റെ പാർട്ട്ണർ റാണി ജോയ്

4) ടി വിലാസത്തിൽ 2